# ആമിന

ആമ്പൽപൂക്കൾ കാണുമ്പോഴൊക്കെ ഞാൻ ആമിനയെ ഓർക്കും.

രണ്ടാം ക്ലാസ്സിൽ ഇടയ്ക്കുവച്ചാണ്‌ ആമിന ഞങ്ങളുടെ സ്കൂളിൽ ചേർന്നത്‌. മലയാളം ക്ലാസ്സിൽ ഏലിക്കുട്ടി റ്റീച്ചർ 'പാലാഴിമഥനം' വർണിക്കുകയായിരുന്നു. അതിനിടയിലാണ്‌ വെളുത്ത തട്ടമിട്ട കുഞ്ഞുപാവാടക്കാരി വാതിൽക്കൽ പ്രത്യക്ഷപ്പെട്ടത്‌. ഒപ്പം ഒരു സ്ത്രീയും.

''സാറേ, എന്റെ മോളാണ്‌. ക്ലാസ്സിലിരുത്താൻ എട്‌-മാഷ്‌ പറഞ്ഞ്‌''
''എന്താ നിന്റെ പേര്‌?'', ഏലിക്കുട്ടി റ്റീച്ചർ.
''ആമിന''
''ആമിന അവിടിരുന്നോളൂ''

ആമിന ഇരിക്കാൻ വന്നത്‌ എൻറടുത്തേക്കാണ്‌. എനിക്കതിഷ്ടപ്പെട്ടില്ല, കൂട്ടുകാരൻ ഓമനക്കുട്ടനിരിക്കുന്ന സ്ഥലം, അവൻ വരാത്തതിനാൽ, ഞാൻ കയ്യേറി വച്ചിരിക്കുകയായിരുന്നു. ഒഴിഞ്ഞു കൊടുക്കുകയേ വഴിയുള്ളൂ. ഏലിക്കുട്ടി റ്റീച്ചറിന്റെ ചൂരൽ അവസരം നോക്കിയിരിപ്പുണ്ട്‌.

പിറ്റേന്ന്‌ സ്കൂളിലേക്ക്‌ പോകാൻ ഇറങ്ങുമ്പോൾ വാപ്പ ആമിനയുടെ ഉമ്മയുമായി സംസാരിക്കുന്നതു കണ്ടു. ആമിന കൂടെയുണ്ട്‌. എന്നെക്കണ്ടപ്പോൾ വാപ്പ പറഞ്ഞു: ''മോൻ ആമിനയെയും കൂടെ കൊണ്ടു പോ.''. വയ്യെന്നു പറഞ്ഞാൽ വാപ്പയ്ക്കരിശം വരും. ആമിനയേയും ഒപ്പം കൂട്ടി.

വഴിയിൽ ആമിന എന്തൊക്കെയോ പറഞ്ഞെങ്കിലും ഞാൻ മിണ്ടാതെ ഗൗരവത്തിൽ നടന്നു. അപ്പോഴാണ്‌ ആമിന കൈ എനിക്കു നേരേ നീട്ടി നിവർത്തിക്കാണിച്ചത്‌. അതിൽ നിറയെ ചുവന്ന കുന്നിക്കുരുക്കൾ. അവ എനിക്കു കിട്ടിയെങ്കിൽ എന്നു വിചാരിക്കുമ്പൊഴേക്ക്‌ ആമിന ചോദിച്ചു: ''ഇയാൾക്കിദ്‌ വേണോ?'' ഞാൻ തലയാട്ടി. കുന്നിക്കുരുക്കൾ എന്റെ കൈയിലേക്ക്‌ ചൊരിയുമ്പോൾ അവൾ പറഞ്ഞു: ''വേണോങ്കി നാളേം കൊണ്ടരാം''.

അങ്ങനെ ആമിന എന്റെ കൂട്ടുകാരിയായി. വീട്ടിന്റെ തിണ്ണയിൽ നിന്നു നോക്കിയാൽ വെളുത്ത തട്ടം പാടത്തിനു നടുവിലൂടെ 'ഒഴുകി' വരുന്നതു കാണാം. കുറച്ചു കഴിയുമ്പോൾ 'കുഞ്ഞു പാവാടക്കാരി' വീടിനു മുന്നിലെത്തും. പിന്നെ ഒരുമിച്ച്‌ സ്കൂളിലേക്ക്‌; മടക്കവും അതുപോലെ തന്നെ.

ക്ലാസ്സിൽ പല വാക്കുകളും ആമിന തെറ്റിച്ചായിരുന്നു പറഞ്ഞിരുന്നത്‌. ആമിനയ്ക്ക്‌ 'മുളക്‌' 'വെളവും' 'പിണ്ണാക്ക്‌' 'പുണ്ണാക്കു'മായിരുന്നു. ഏലിക്കുട്ടി റ്റീച്ചർ പല തവണ തിരുത്തി നോക്കി. രക്ഷയില്ലാതെ ആ പണി ചൂരലിനെ ഏൽപിച്ചു. ആമിനയുടെ കൈവെള്ള ചുവന്നതു മാത്രം മെച്ചം! സ്കൂൾ വിട്ടു വരുന്ന വഴിയിൽ ആമിന പറഞ്ഞു: ''ഞങ്ങടെ വീട്ടിൽ എല്ലാരും അങ്ങനാ പറയ്‌ന്നത്‌.''. അപ്പോൾ തലമുറകൾ കൈമാറി വന്ന വിജ്ഞാനമാണ്‌!.

ഒരു ദിവസം സ്കൂൾ വിട്ടു വരുമ്പോഴാണ്‌ ആമിന ആമ്പൽപൂക്കളെപ്പറ്റി പറഞ്ഞത്‌: ഞങ്ങടെ കൊളത്തില്‌ ഒത്തിരി ആമ്പലൊണ്ട്‌.'' ആമ്പലുകൾ എനിക്കിഷ്ടമായിരുന്നു. ഉമ്മയ്യൊപ്പം ബസ്സിൽ ആയിരംതെങ്ങിലുള്ള ഉപ്പുപ്പയുടെ വീട്ടിൽ പോകുമ്പോൾ കായലിന്റെ കൈത്തോടുകളിൽ പിറകിലേക്ക്‌ ഓടി മറയുന്ന വെള്ളാമ്പൽപൂക്കൾ എത്രയോ കണ്ടിരിക്കുന്നു. അതിലൊന്ന്‌ പൊട്ടിച്ചെടുക്കണമെന്ന്‌ പലപ്പോഴും ആഗ്രഹിച്ചിട്ടുണ്ട്‌.

''വെള്ളേം ചെമലേം എല്ലാമൊണ്ട്''', ആമിന തുടരുകയാണ്. ചുവന്ന ആമ്പൽ ഞാൻ കണ്ടിട്ടേയില്ല. ഒരു ചുവന്ന ആമ്പൽപൂവ് കൊണ്ടു വരാമോ എന്നു ഞാൻ ആമിനയോട് ചോദിച്ചു. ''നാളെത്തന്നെ കൊണ്ടുവരാം'', ആമിനയ്ക്ക് വലിയ ഉത്സാഹം.

രാവിലെ, ആമ്പലുമായി ആമിന വരുന്നതും കാത്ത് ഞാൻ നിന്നു. നേരമായിട്ടും പാടത്തിനു നടുവിൽ 'വെളുത്ത തട്ടം' കാണുന്നില്ല. ''ക്ലാസ്സ് തുടങ്ങും, മോൻ പൊയ്ക്കോ'', പുറത്തെവിടെയോ പോയിട്ടു വന്ന വാപ്പ പറഞ്ഞു... ക്ലാസ്സിലും ഞാൻ പുറത്തേക്ക് നോക്കിയിരുന്നു, ആമിന വരുന്നുണ്ടോ എന്നറിയാൻ...

ഏലിക്കുട്ടി റ്റീച്ചർ ഉച്ചയ്ക്ക് ക്ലാസ്സിൽ വന്നത് ചൂരലും പുസ്തകവും ഇല്ലാതെയാണ്. റ്റീച്ചറുടെ മുഖം വല്ലാതെയിരിക്കുന്നു. എല്ലാവരും വരിയായി നില്ക്കാൻ റ്റീച്ചർ പറഞ്ഞു. അപ്പോഴേക്ക് സ്കൂൾ വിടാനുള്ള ബെല്ലടിച്ചു. കുട്ടികളെല്ലാം ഒരു നീണ്ട വരിയായി സ്കൂളിനു പുറത്തേക്കിറങ്ങി. ഒപ്പം ഏലിക്കുട്ടി റ്റീച്ചറും മാധവൻ സാറും.

ആമിനയുടെ വീട്ടിലേക്ക് കയറുന്ന വഴിക്കരികിൽ കുളത്തിൽ ആമ്പലുകൾ കണ്ടു. വലിയ ഇലകൾക്കിടയിൽ കൂമ്പി നില്ക്കുന്ന ആമ്പൽപൂക്കൾ. ഇതിലേതാണ് ആമിന പറഞ്ഞ ചുവന്ന ആമ്പൽ?

തിണ്ണയിലെ കട്ടിലിൽ വെള്ളത്തുണി പുതപ്പിച്ച് ആമിനയെ കിടത്തിയിരിക്കുന്നു. തലയ്ക്കൽ പുകയുന്ന ചന്ദനത്തിരികൾ. ഏലിക്കുട്ടി റ്റീച്ചർ സാരി കൊണ്ടു മുഖം മറച്ചു വിതുമ്പുന്നു. പണ്ട് ഇതു പോലെ ഉപ്പൂപ്പയെ കിടത്തിയിരുന്നതും അതു നോക്കി ഉമ്മ വിതുമ്പിക്കരഞ്ഞതും എനിക്കോർമ്മ വന്നു. കുട്ടികൾ വരിയായി ആമിനയുടെ മുന്നിലൂടെ കടന്നുപോയി. എൻെറ മുന്നിൽ ആമിനയുടെ ശാന്തമായ മുഖം. കണ്ണീരിൻെറ നേർത്ത പാടയിൽ അതു മെല്ലെ മറഞ്ഞുപോയി...

മാധവൻ സാർ നാട്ടുകാരുമായി സംസാരിച്ചു നില്ക്കുന്നു: ''എങ്ങനെയാ ഇത്...''

''രാവിലെ പൂ പറിക്കാൻ കുളത്തില് ഇറങ്ങിയപ്പോൾ കാലു തെറ്റി വീണതാണെന്നാ കേക്കുന്നത്.. ശബ്ദം കേട്ട് തള്ള ഓടി വന്നു നോക്കിയപ്പൊ കൊച്ചിനെ കാണാനില്ല.''

നെഞ്ചാളിപ്പോയി. പടച്ചവനേ.. എനിയ്ക്ക് ആമ്പൽ പൊട്ടിക്കാനല്ലേ ആമിന കുളത്തിലിറങ്ങിയത്. അപ്പോൾ ഞാൻ കാരണമല്ലേ ആമിന.... ദേഹമാകെ നടുങ്ങുന്നു. ചുറ്റും തിരിയുന്നതു പോലെ. വരിയിൽ മുൻപിൽ നിന്ന കുട്ടിയുടെ തോളിൽ മുറുകെപ്പിടിച്ചു......

നെറ്റിയിൽ നല്ല തണുപ്പ്. കണ്ണ് തുറന്നുനോക്കി. ഉമ്മ നനഞ്ഞ തുണിവച്ച് നെറ്റി തുടയ്ക്കുന്നു.

''എന്തൊര് പനിയായിരുന്നു രാത്രി മുഴുവൻ.. കൂടെ പിച്ചും പേയും പറച്ചിലും..''

ഞാൻ ഉമ്മയുടെ കയ്യിൽ മുറുകെപ്പിടിച്ചു: ''ഉമ്മാ..''
''എന്താ മോനേ.''
''പൂ പൊട്ടിക്കാൻ പോയില്ലായിരുന്നെങ്കിൽ ആമിനയ്ക്ക് ഇതു പറ്റില്ലായിരുന്നു, അല്ലേ?''
''മോൻ വിഷമിക്കാതെ'', ഉമ്മ എൻെറ തലയിൽ തലോടി. ''പടച്ചവനല്ലേ എല്ലാം തോന്നിക്കുന്നതും തീരുമാനിക്കുന്നതും. ഓൾക്ക് അത്രയും ആയുസ്സേ വിധിച്ചിട്ടുള്ളൂ...''

ആശ്വാസത്തോടെ ഞാൻ ഉമ്മയോട് ചേർന്നു കിടന്നു

..*****************